2. 10 കോടി രൂപാ മുതൽ മുടക്കി ഒരു പുതിയ അപ്പേറോച്ച് റോഡ് നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഏതാണ്ട് 3 കോടിയോളം രൂപ മുതൽ മുടക്കി ഈ അപ്റോച്ച് റോഡിന്റെ ഒരു ഭാഗം ഗവൺമെന്റ് കമ്പനിയായ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിച്ചുകഴിഞ്ഞു.

3. ഇപ്പോഴത്തെ പാർക്കിന്റെ സ്ഥലപരിമിതി പരിഗണിച്ച് കൂടുതൽ സ്ഥലം അക്വയർ ചെയ്ത് പാർക്ക് വിപുലീകരിക്കാനും പദ്ധതിയിട്ടിട്ടുണ്ട്.

ഐ.ടി. എനേബിൾഡ് സർവീസസിന് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകാൻ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ സർക്കാർ ചെലവിൽ പരിശീലന കേന്ദ്രങ്ങൾ നടത്തുക, വിദേശത്തും ഭേതത്തിലെ പ്രധാന നഗരങ്ങളിലും നിക്ഷേപകർക്കായി റോഡ് ഷോ നടത്തുവാനും പദ്ധതിയുണ്ട്. വിവിധ എക്സിബിഷനുകളിൽ പങ്കെടുക്കുവാൻ നിക്ഷേപകരെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ സാദ്ധ്യതകൾ പറഞ്ഞുകൊടുക്കുവാനും പരിപാടിയുണ്ട്. കൂടാതെ ആവശ്യമായ രീതിയിൽ പത്രമാദ്ധ്യമങ്ങളിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും വാർത്തകളും പരസ്യങ്ങളും നൽകുവാനും പരിപാടിയുണ്ട്.

കൂടുതൽ നീതി സ്റ്റോറുകൾ ജില്ലകളിൽ ആരംഭിക്കാൻ നടപടി

17 (* 724) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകരിച്ച സഹകരണനീതി സ്റ്റോറുകളിലും, നീതി മെഡിക്കൽ സ്റ്റോറുകളിലും ഉപഭോക്താക്കൾക്ക് ആവശ്യമുള്ള പല വൃദ്ധജനങ്ങളും ജീവൻ രക്ഷാ മരുന്നുകളും ലഭ്യമല്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നീതി മെഡിക്കൽ സ്റ്റോറിനും നീതി സ്റ്റോറുകൾക്കും കൂടുതൽ തുക അനുവദിക്കുന്നതിന് തയ്യാറാകുമോ ;

(സി) നിലവിൽ നല്കികൊണ്ടിരിക്കുന്ന മാനേജീരിയൽ സബ്സിഡി വർദ്ധിപ്പിച്ച് കൂടുതൽ നീതി സ്റ്റോറുകൾ ജില്ലകളിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി : (ശ്രീ. എം. വി. രാഘവൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീതി സ്റ്റോറിനും നീതി മെഡിക്കൽ സ്റ്റോറിനും നല്കിവരുന്ന ധന സഹായത്തിന് പരിധി നിശ്ചയിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംഘങ്ങളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഹരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly